

THURSDAY 18.04.2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**


Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/04/2024

1. കർഷകരുടെ ഉന്നമനവും കാർഷികമേഖലയുടെ വളർച്ചയും ലക്ഷ്യമിട്ട് കൃഷിഭവനുകൾ മുഖേന നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കാർഷികവികസന കർഷകക്ഷേമവകുപ്പ് കൃഷിഭവനിലൂടെ വിവിധ സേവനങ്ങൾ നൽകുന്നുണ്ട്. കോംപ്രിഹൻസീവ് ഡെവലപ്മെൻറ് ഓഫ് റൈസ് പദ്ധതിയിലൂടെ പാടശേഖര സമിതികൾക്ക് വളർച്ചോപാധികൾ വാങ്ങുന്നതിനായി കൃഷിഭൂമിയുടെ വിസ്തൃതി അനുസരിച്ച് ഹെക്ടർ ഒന്നിന് 5500 രൂപ വിതം സബ്സിഡി നൽകുന്നു. തരിശുനിലങ്ങളിൽ കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 40000 രൂപ വീതം നൽകുന്ന പദ്ധതിയാണ് തരിശുനില കൃഷി. പാട്ടക്കൃഷി ആണെങ്കിൽ പദ്ധതി പ്രകാരം 35,000 രൂപ കർഷകനും 5000 രൂപ സ്ഥലമുടമയ്ക്കും ലഭിക്കും. സ്പെഷ്യാലിറ്റി റൈസ് പദ്ധതിയിലൂടെ പൊക്കാളി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി കൃഷിഭവൻ മുഖേന ഹെക്ടർ ഒന്നിന് 10000 രൂപ സബ്സിഡി നൽകുന്നു. പ്രൊഡക്ഷൻ ഇൻസെൻറീവ് പദ്ധതി പ്രകാരം നെല്ലുൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനായി ഉൽപാദക ഇൻസെൻറീവായി കർഷകർക്ക് ഹെക്ടറിന് ആയിരം രൂപ വീതം ആനുകൂല്യം നൽകുന്നു. പാടശേഖരസമിതിക്ക് പാടശേഖരങ്ങളിൽ വരുന്ന അനുബന്ധ ചെലവുകൾ വഹിക്കുന്നതിനായി ഓപ്പറേഷൻ സപ്പോർട്ട് പദ്ധതിവഴി ഹെക്ടർ ഒന്നിന് 360 രൂപ വീതം നൽകുന്നു. സോയിൽ ലാൻഡ് റൂട്ട് ഹെൽത്ത് മാനേജ്മെൻ്റ് പദ്ധതിയിലൂടെ മണ്ണിന്റെ അമ്ലത പരിഹരിക്കുന്നതിനും മികച്ച വിളവ് ലഭിക്കുന്നതിനുമായി കുമ്മായ വസ്തുക്കൾ ലഭ്യമാക്കുന്നതിന് ഹെക്ടറിന് 5400 രൂപ വീതം ധനസഹായം നൽകുന്നു. കൂടുതൽ വിവരങ്ങൾക്കായി അടുത്തുള്ള കൃഷിഭവൻ സന്ദർശിക്കുക.

2. കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രം പരിസരത്തുവച്ച് രണ്ടുമാസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഈ മാസം 20 ന് പകൽ 9 മുതൽ കുഞ്ഞൊന്നിന് 130 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9744321158.

3. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും ഫിഷറീസ് ഇൻഫർമേഷൻ പോർട്ടലായ ഫിംസിൽ (ഫിഷർമെൻ ഇൻഫർമേഷൻ മാനേജ്മെൻറ് സിസ്റ്റം) ഏപ്രിൽ 25 നകം രജിസ്റ്റർ ചെയ്യണമെന്ന് കോഴിക്കോട് റീജിയണൽ എക്സിക്യുട്ടീവ് അറിയിച്ചു. മത്സ്യത്തൊഴിലാളി പാസ്സ് ബുക്ക്, ബാങ്ക് പാസ്സ് ബുക്ക്, ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവ സഹിതം പൊന്നാനി താനൂർ, തിരൂർ, പരപ്പനങ്ങാടി എന്നിവിടങ്ങളിലെ ക്ഷേമനിധി ബോർഡ് ഫിഷറീസ് ഓഫീസിൽ എത്തിയാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. കഴിഞ്ഞ വർഷം ഫിഷറീസ് വകുപ്പിന്റെ സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ ചേർന്നവർ രജിസ്റ്റർ ചെയ്യേണ്ടതില്ല. മത്സ്യത്തൊഴിലാളി അനുബന്ധത്തൊഴിലാളി അപകട ഇൻഷുറൻസ് പദ്ധതി, ഫിഷറീസ് വകുപ്പിന്റെയും ക്ഷേമനിധി ബോർഡിന്റെയും ക്ഷേമ പദ്ധതി ആനുകൂല്യങ്ങൾ, അപകട ഇൻഷുറൻസ് ആനുകൂല്യങ്ങൾ എന്നിവ ഫിംസിൽ രജിസ്റ്റർ ചെയ്തവർക്ക് മാത്രമേ ലഭിക്കുകയുള്ളൂ എന്നും കോഴിക്കോട് റീജിയണൽ എക്സിക്യുട്ടീവ് അറിയിച്ചു. അവസാന തീയതി 2024 ഏപ്രിൽ 25 കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 04952383472

**പരിശീലന പരിപാടി**

4. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടു കൂടി പ്രവർത്തിക്കുന്ന കാനറാ ബാങ്ക്, SDME ട്രസ്റ്റ് എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ തളിപ്പറമ്പ് കാഞ്ഞിരങ്ങാട് പ്രവർത്തിക്കുന്ന RUDSET ഇൻസ്റ്റിറ്റ്യൂട്ട് 2024 ഏപ്രിൽ അവസാന വാരം ആരംഭിക്കുന്ന 6

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ദിവസം നീണ്ടു നിൽക്കുന്ന പരിശീലനത്തിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രസ്തുത പരിശീലനത്തിൽ വിവിധ തരം അച്ചാറുകൾ, വിവിധ തരം മസാല പൊടികൾ, ബിസിനസ് മാനേജ്മന്റ്, മാർക്കറ്റിംഗ്, ബാങ്കിങ്, വായ്പ മാർഗ നിർദ്ദേശങ്ങൾ മുതലായ വിഷയങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയ്യതി 2024 ഏപ്രിൽ 19. താല്പര്യമുള്ള വ്യക്തികൾക്ക് https://forms.gle/qWKVZuEpAv34Gi628 എന്ന ലിങ്ക് അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വവിവരങ്ങൾക്ക് 04602226573 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എന്റർപ്രിണർഷിപ്പ് ആന്റ് മാനേജ്മെന്റും (NIFTEM –T) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയവും സംയുക്തമായി മുരിങ്ങ പ്രോസസിങ് ആന്റ് വാല്യു അഡിഷൻ എന്ന വിഷയത്തിൽ മെയ് 10 ന് രാവിലെ 10 മണി മുതൽ 2.00 മണി വരെ ഒരു വെബിനാർ സംഘടിപ്പിക്കുന്നു. അപേക്ഷിക്കേണ്ട അവസാന തീയതി 10.03.2024. കൂടുതൽ വിവരങ്ങൾക്ക് 9894244344, 9080153435 എന്നീ ഫോൺ നമ്പരുകളിലോ niftemt.ac.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

6. റബ്ബർമരങ്ങൾ മഴക്കാലത്ത് റെയിൻഗാർഡുചെയ്ത് ടാപ്പുചെയ്യേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചുമുള്ള സംശയങ്ങൾ ദൂരീകരിക്കാൻ റബ്ബർബോർഡിന്റെ കോൾസെന്ററുമായി **0481 – 2576622** എന്ന നമ്പരിൽ ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് 2024 ഏപ്രിൽ 18 വ്യാഴാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ഫോണിലൂടെ മറുപടി നൽകുന്നതാണ്.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന് വളമിടുന്നതിൽ 2024 ഏപ്രിൽ 29 -ന് കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് പരിശീലനം നൽകുന്നു. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ മെയിലിലോ ബന്ധപ്പെടാം.

8. **കാർഷിക നിർദ്ദേശം**

മാങ്കോസ്റ്റിൻ - സിലിക്ക, പൊട്ടാഷ്, കാത്സ്യം എന്നിവയുടെ സ്പ്രേ ഒരാഴ്ച ഇടവേളയിൽ ഓരോന്നു വീതം നൽകുക. വൃക്ഷത്തലപ്പിന്റെ നേരെ ചുവട്ടിൽ ഏകദേശം മധ്യഭാഗം മുതൽ അതിരുവരെയുള്ള ഭാഗത്ത് പുതയിടുകയും നനയ്ക്കുകയും ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം